**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 340** **04.06.2018 ൽ മറുപടിയ്ക്ക്**

## ദേശീയ അയോഡിൻ അപര്യാപ്തത നിയന്ത്രണ പദ്ധതി

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ദേശീയ അയോഡിൻ അപര്യാപ്തത നിയന്ത്രണ പദ്ധതി (എൻ.ഐ.ഡി.ഡി.സി.പി.) ഓഫീസിന്റെ മേലധികാരി ടെക്നിക്കൽ ഓഫീസർ (ഗോയിറ്റർ) എന്ന തസ്തികയ്ക്ക് ആവശ്യമായ അടിസ്ഥാന യോഗ്യത എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;പ്രസ്തുത തസ്തികയ്ക്ക് യോഗ്യത നിശ്ചയിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് ഏതാണെന്ന് വ്യക്തമാക്കുമോ; | (എ) | 11.10.1998 ലെ സ.ഉ(കൈ) നം 182/88/ആ.കു.വ പ്രകാരമാണ് ആരോഗ്യ വകുപ്പിലെ ഗോയിറ്റർ കംട്രോൾ സെല്ലിൽ ടെക്നിക്കൽ ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ഈ തസ്തികയ്ക്ക് ആവശ്യമായ അടിസ്ഥാന യോഗ്യത കെമിസ്ട്രി, ബയോ കെമിസ്ട്രി, ഫുഡ് & ന്യൂട്രീഷ്യൻ എന്നിവയിലേതെങ്കിലും വിഷയത്തിൽ ഒന്നാം / രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദവും, ഫീൽഡ് സർവേയിൽ കുറഞ്ഞത് മൂന്ന വർഷത്തെ പ്രവൃത്തി പരിചയവും ആകുന്നു. പബ്ലിക് ഹെൽത്ത് ന്യൂട്രീഷ്യനിലുള്ള പ്രവൃത്തിപരിചയം അഭികാമ്യയോഗ്യതയാണ്. |
| (ബി) | ഇപ്പോൾ എൻ.ഐ.ഡി.ഡി.സി.പി. ടെക്നിക്കൽ ഓഫീസർ (ഗോയിറ്റർ) തസ്തികയിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓഫീസറുടെ പേര്, വിദ്യാഭ്യാസ യോഗ്യത എന്നിവ വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ലായെങ്കിൽ ചാർജ്ജ് ആർക്കെങ്കിലും നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഇപ്പോൾ എൻ.ഐ.ഡി.ഡി.സി.പി. ടെക്നിക്കൽ ഓഫീസർ (ഗോയിറ്റർ) തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ല. എന്നാൽ, സീനിയർ ഡയറ്റീഷ്യന്മാരിൽ സീനിയറായ ശ്രീമതി. താരാകുമാരി ടി തസ്തികയുടെ ചുമതലകൾ നിർവ്വഹിക്കുന്നു. ശ്രീമതി. താരാ കുമാരിയുടെ വിദ്യാഭ്യാസ യോഗ്യത ഫുഡ് & ന്യൂട്രീഷ്യനിൽ ബിരുദാനന്തര ബിരുദം |
| (സി) | കേരള സർക്കാർ കത്ത് No. 28699/112/2006/H&FWD, dtd 28/11/2006 പ്രകാരം സീനിയർ ഗ്രേഡ് ഡയറ്റീഷ്യനെ എൻ.ഐ.ഡി.ഡി.സി.പി.ടെക്നിക്കൽ ഓഫീസർ (ഗോയിറ്റർ) തസ്തികയിൽ നിയമിക്കുന്നത് തടഞ്ഞിരുന്നതിനാൽ പ്രസ്തുത കത്തിന്റെ തീയതിയ്ക്കു ശേഷം സീനിയർ ഗ്രേഡ് ഡയറ്റീഷ്യനെ ഈ തസ്തികയിൽ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | 2006 ൽ സീനിയർ ഗ്രേഡ് ഡയറ്റീഷ്യനായ ശ്രീമതി.എലിസബത്ത് തോമസും 2008 ൽ സീനിയർ ഗ്രേഡ് ഡയറ്റീഷ്യനായ ശ്രീമതി.അനിത മോഹനും ഗോയിറ്റർ സെല്ലിൽ സേവനം അനുഷ്ഠിച്ചിരുന്നു. അനിതാമോഹൻ അട്ടുള്ളുൺപറ്റി പിരിഞ്ഞ തസ്തികയിൽ സീനിയർ ഗ്രേഡ് ഡയറ്റീഷ്യനായ ശ്രീമതി. താരാ കുമാരിയെ ഐ.ഡി.ഡി സെല്ലിൽ നിയമിക്കുകയും ടെക്നിക്കൽ ഓഫീസർ തസ്തികയുടെ ചുമതലകൾ നിർവ്വഹിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ